*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

193rd Issue - Volume 5, No. 27 **ജാഗ്രത** 15th July 2011

"ശിഷ്യൻമാർ യേശുവിനെ സമീപിച്ചു ചോദിച്ചു: സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണ്? യേശു ഒരു ശിശുവിനെ വിളിച്ച് അവരുടെ മധ്യേ നിർത്തികൊണ്ട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല."

(മത്തായി 18-1; 3)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Bonaventure

## പ്രധാന വാർത്തകൾ

പ്രേഷിത പ്രവർത്തനം മിഷൻലീഗിന്റെ മുഖമുദ്ര
മാർ ജോർജ് ആലഞ്ചേരി

സമൂഹത്തിൽ നൻമ പ്രോത്സാഹിപ്പിക്കണം: ആർച്ച് ബിഷപ് ഡോ.എം. സൂസാപാക്യം

മറ്റുള്ളവരെ സഹായിക്കുകയാണ് മനുഷ്യന്റെ പ്രധാന കർമ്മം: ബിഷപ് ഡോ. വിൻസന്റ് സാമുവൽ

മക്കളുടെ ആത്മീയ വളർച്ചയ്ക്ക് മാതാപിതാക്കൾ പ്രാധാന്യം നൽകണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

### ജാഗ്രതാ വാർത്ത

സ്ത്രീകൾക്കെതിരായ അതിക്രമം പെരുകുന്നു.

മെക്സിക്കോയിൽ നാലായിരത്തിൽപരം കത്തോലിക്കാസന്നദ്ധ സേവകർ തടവറ പ്രേഷിതപ്രവർത്തനത്തിൽ

### വാരാന്ത്യവീക്ഷണം

സ്വാശ്രയകോളേജുകൾ; 'സാമൂഹ്യനീതിയുടെ' അനീതി

**പ്രേഷിത പ്രവർത്തനം മിഷൻലീഗിന്റെ മുഖമുദ്ര:മാർ ജോർജ് ആലഞ്ചേരി**

---



പ്രേഷിതപ്രവർത്തനം എന്ന സഭയുടെ ദൗത്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സംഘടനയാണ്ചെറുപുഷ്പ മിഷൻ ലീഗെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു.പ്രേഷിതപ്രവർത്തനമാണ് മിഷൻലീഗിന്റെ മുഖമുദ്ര. മിഷൻ വർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ മിഷനെ സഹായിക്കാൻ വിശ്വാസികളെ സജ്ജമാക്കേണ്ട ദൗത്യം മിഷൻലീഗ് പ്രവർത്തകർ ഏറ്റെടുക്കണമെന്നും മേജർ ആർച്ച് ബിഷപ് ഉദ്ബോധിപ്പിച്ചു. താന്നിപ്പുഴ പള്ളിയിൽ ചെറുപുഷ്പ മിഷൻലീഗിന്റെ അതിരൂപതാ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഭാരതത്തിൽ മിഷൻരംഗം ഏറെ സജീവമായത് മിഷൻലീഗിലൂടെ സഭയ്ക്ക് ലഭിച്ച പ്രാർത്ഥനകളിലൂടെയും ദൈവവിളികളിലൂടെയുമാണ്. അതുകൊണ്ടുതന്നെ സീറോ മലബാർ സഭയിൽ ഏറ്റവും അധികം സ്നേഹിക്കപ്പെടേണ്ട സംഘടനയാണ് ചെറുപുഷ്പ മിഷൻലീഗ്. മിഷൻലീഗിൽ അംഗമായി പ്രവർത്തിച്ച കാലയളവിൽ ലഭിച്ച സംഘടനയുടെ ബാഡ്ജ് ഇന്നും സൂക്ഷിച്ചിട്ടുണ്ടെന്നും ആർച്ച് ബിഷപ് പറഞ്ഞു.

**സമുഹത്തിൽ നൻമ പ്രോത്സാഹിപ്പിക്കണം: ആർച്ച് ബിഷപ് ഡോ.എം. സൂസാപാക്യം**

---



സമൂഹത്തിൽ നന്മയുടെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ഏതൊരു ശ്രമവും ശ്ലാഘനീയമാണെന്നും ഒരു പാട് നന്മകൾ ഈ സമൂഹത്തിൽ നിലനിൽക്കുന്നു വെന്നതിന് തെളിവാണ് ആതുര ശുശ്രൂഷാരംഗത്തെ യുവജനങ്ങളുടെ പ്രവർത്തനമെന്നും തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം പറഞ്ഞു. കെ.സി.വൈ.എം. പേട്ട ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന നിർധന രോഗികൾക്കുള്ള സൗജന്യ മരുന്നു വിതരണ പദ്ധതി സാന്ത്വനം -2011 ന്റെ ഉദ്ഘാടനം കുമാരപുരം ഫാ.പാട്രിക് ഡിക്രൂസ് മെമ്മോറിയൽ ഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. രോഗികളെ ദൈവമായിക്ക് ശുശ്രൂഷിക്കുവാൻ കഴിയണം. ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും മികച്ച ചികിത്സ നൽകാനാണ് നാം ശ്രമിക്കേണ്ടത്. അത്തരത്തിൽ നമ്മുടെ ആതുര സ്ഥാപനങ്ങൾ മാറണം. അഴിമതിക്കും ചൂഷണത്തിനും പഴുതില്ലാതെ നിക്ഷിപ്ത താല്പര്യങ്ങൾക്ക് അടിമപ്പെടാതെ നന്മചെയ്യു മ്പോഴു ണ്ടാകുന്ന സന്തോഷവും സംതൃപ്തിയും അനുഭവി ക്കാൻ ഇത്തരം സാമൂഹിക പ്രവർത്തനങ്ങൾ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്ത പുരം മെഡിക്കൽ കോളജിലെ രോഗികൾക്ക് കഴിഞ്ഞ 14 വർഷമായി മുടക്ക മില്ലാതെ ഭക്ഷണം നൽകുന്ന കുമാരപുരം ഇടവകയുടെ മാതൃക പിന്തുടർന്നാണ് സൗജന്യമരുന്ന് വിതരണ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്.

**മറ്റുള്ളവരെ സഹായിക്കുകയാണ് മനുഷ്യന്റെ പ്രധാന കർമം: ബിഷപ് ഡോ. വിൻസന്റ് സാമുവൽ**

---



മറ്റുള്ളവരെ പരമാവധിസഹായിക്കുകയാണ് ഓരോ മനുഷ്യന്റെയും പ്രധാന കർമമെന്ന് നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസന്റ് സാമുവൽ. ആശ്വാസ് പാലിയേറ്റീവ് കെയർ സൊസൈറ്റിയും ദീപികയും കെ.സി.വൈ. എമ്മും സംയുക്താമായി സംഘടിപ്പിച്ച യുവജന സെമിനാർ പൊറ്റയിൽക്കട ഫാ. ആന്റണി മെമ്മോറിയൽ ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഒരു നന്മ ഒരാൾക്ക് ലഭിക്കുമ്പോൾ പകരം പത്ത് നന്മകൾ മറ്റുള്ളവർക്കായി നൽകണം. സാമൂഹ്യ ജീവിതത്തോ ടൊപ്പം രാഷ്ട്രീയ ജീവികളാണ് നാം. മറ്റുള്ളവർക്ക് നന്മ ചെയ്താൽ മാത്രമേ നല്ല രാഷ്ട്രീയ ജീവിതം നയിക്കാനാകൂ. മനുഷ്യൻ ശാസ്ത്ര സാങ്കേതിക രീതിയിൽ വളർന്നെങ്കിലും അധഃപതനവും വർധിച്ചതായി ബിഷപ് പറഞ്ഞു. മൊബൈൽ ഫോണിന്റെ ദുരുപയോഗം സമൂഹത്തെ തിന്മയിലേക്ക് നയിച്ചതായി ആശംസയർപ്പിച്ച് സംസാരിച്ച നെയ്യാറ്റിൻകര എംഎൽഎ ആർ.ശെൽവരാജ് പറഞ്ഞു

## മക്കളുടെ ആത്മീയ വളർച്ചയ്ക്ക് മാതാപിതാക്കൾ പ്രാധാന്യം നൽകണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



സീറോ മലബാർ സഭഅല്മായ കമ്മീഷന്റെആഭിമുഖ്യത്തിലുള്ള വിമൻസ് ഫോറത്തിന്റെ ദ്വിദിന നേതൃക്യാമ്പ് സമാപിച്ചു. കലൂർ റിന്യൂവൽ സെന്ററിൽ നടന്ന ക്യാമ്പിന്റെ സമാപനസമ്മേളനം ഇടുക്കി രൂപതാധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. മക്കളുടെ ആത്മീയ വളർച്ചയ്ക്ക് മാതാപിതാക്കൾ പ്രാധാന്യം നൽകണമെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. മക്കളുടെ ഭൗതികവളർച്ചയെ മാത്രം മാതാപിതാക്കൾ ലക്ഷ്യമാക്കുമ്പോൾ ആത്മീയത നഷ്ടപ്പെട്ട് ഒടുവിൽ മക്കളെത്തന്നെ നഷ്ടമാകുന്ന അവസ്ഥ നമ്മുടെ ചുറ്റിലുമുണ്ട്. ദൈവികസാന്നിധ്യം നിറഞ്ഞുനിൽക്കുമ്പോൾ കുടുംബങ്ങൾ പ്രശോഭിക്കും. പൂർവികർ പകർന്നേകിയ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജാഗ്രതാ വാർത്ത

### സ്ത്രീകൽക്കെതിരായ അതിക്രമം പെരുകുന്നു.

സംസ്ഥാനത്ത് സ്ത്രീകൽക്കെതിരായ അതിക്രമങ്ങൾ വർധിച്ചുവരുന്നതായി റിപ്പോർട്ട്. സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കിലാണ് ഞെട്ടിപ്പിക്കുന്ന വിവരങ്ങളുള്ളത്. നാലുമാസത്തിനിടെ കേരളത്തിൽ സ്ത്രീകൾക്കെതിരായ 4,318 കുറ്റകൃത്യങ്ങൾ റിപോർട്ട് ചെയ്തതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2011 നു ശേഷം ഏപ്രിൽ വരെ 357 ബലാൽസംഗക്കേസുകളും സ്ത്രീകളെ ശല്യം ചെയ്തതുമായി ബന്ധപ്പെട്ട് 1,200 കേസുകളും തട്ടിക്കൊണ്ടുപോവലുമായി ബന്ധപ്പെട്ട് 62 കേസുകളും രാത്രികാലങ്ങളിൽ നടന്ന അതിക്രമത്തിന്റെ പേരിൽ 242 കേസുകളും റിപോർട്ട് ചെയ്തു.

കൂടാതെ നാലുമാസത്തിനിടെ സ്ത്രീധന പീഡനത്തിന്റെ പേരിൽ അഞ്ചു മരണങ്ങൾ സംസ്ഥാനത്തുണ്ടായി. ഭർത്താവിന്റെയും ബന്ധു ക്കളുടെയും ഭാഗത്തുനിന്നാണ് ഏറ്റവും കൂടുതൽ അതിക്രമങ്ങളുണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഏപ്രിൽ വരെ 1,738 കേസുകളാണ് റിപോർട്ട് ചെയ്തത്. മറ്റ് അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 714 സംഭവ ങ്ങളുമുണ്ടായതായി ക്രൈം റിക്കാർഡ്സ് ബ്യൂറോ വ്യക്തമാക്കുന്നു.

## മെക്സിക്കോയിൽ നാലായിരത്തിൽപരം കത്തോലിക്കാസന്നദ്ധ സേവകർ തടവറ പ്രേഷിതപ്രവർത്തനത്തിൽ

മെക്സിക്കോയിൽ നാലായിരത്തിൽപരം കത്തോലിക്കാസന്നദ്ധ സേവകരാണ് തടവറ പ്രേഷിതശുശ്രൂഷയിൽ എന്ന് 'ഫിഡെസ് 'റിപ്പോർട്ടു ചെയ്യുന്നു. ഏതെങ്കിലും തടവറ പ്രേഷിതൻ ജയിലിലെ സംവിധാനങ്ങളുടെ അപര്യാപ്തതയെക്കുറിച്ചു ശ്രദ്ധയിൽപ്പെടുത്തിയാൽ അദ്ദേഹത്തിനു തടവറ കളിൽ പ്രവേശനം നിഷേധിക്കുകയാണ് ബന്ധപ്പെട്ടവർ ചെയ്യുന്നത്.

മെക്സിക്കോ രാജ്യത്ത് 489 തടവറകളുണ്ട്. അവിടെ രണ്ടുലക്ഷത്തി ഇരുപതിനായിരം തടവുകാരാണ് ഉള്ളത്. ഇവരുടെ ഇടയിലാണ് നാലായിരത്തിൽപ്പരം ശുശ്രൂഷകരുള്ളത്.

## വാരാന്ത്യവീക്ഷണം

### സ്വാശ്രയകോളേജുകൾ; 'സാമൂഹ്യനീതിയുടെ' അനീതി

സ്വാശ്രയവിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതി ഇപ്പോൾ മാധ്യമങ്ങളിൽ ചർച്ചാവിഷയമാണ്. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് കേരളസമൂഹത്തിൽ അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളെക്കുറിച്ചുള്ള വ്യക്തതകൈവരിക്കേണ്ടത് അത്യാവശ്യമാണെന്നു തോന്നുന്നു.

**സർക്കാർ പറയുന്ന സാമൂഹ്യനീതി**

സാമൂഹ്യനീതിയെന്നാൽ 50:50 എന്ന അനുപാതം സ്വീകരിക്കലാണെന്നാണ് സർക്കാരും, സർക്കാരുമായി കരാർ ഒപ്പിടുന്ന മാനേജുമെന്റുകളും പറയുന്നത്. അതായത് പകുതി വിദ്യാർത്ഥികളിൽ നിന്നും ഏതാണ്ട് ഇരട്ടിഫീസുവാങ്ങി മറ്റു പകുതി വിദ്യാർത്ഥികളെ- അവർ സർക്കാർ നിർദ്ദേശിക്കുന്നവരാണ്- സൗജന്യമായി പഠിപ്പിക്കലാണ് സാമൂഹ്യനീതിയെന്നതാണ് ഈ നിലപാടിന്റെ അടിസ്ഥാനം. രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ അങ്ങനെ ഒരു സർക്കാർ കോളേജിന് അപ്പോൾ തുല്യമാകും. ഈ നിലപാട് അംഗീകരി

ക്കാത്തവർ സാമൂഹ്യനീതിക്ക് എതിരുനില്ക്കുന്നവരാണ് എന്ന് അവർ ആരോപിക്കുന്നു.

**മതന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സ്വാതന്ത്ര്യം**

ക്രൈസ്തവ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും കത്തോലിക്കാ സഭ നടത്തുന്ന കോളേജുകൾ സഭാംഗങ്ങളിൽ നിന്നും പണം സമാഹരിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. വ്യക്തികൾ നടത്തുന്നതും ചില സംഘടനകൾ നടത്തുന്നതുമായ കോളേജുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇതിന്റെ സ്വഭാവം. ക്രൈസ്തവർ മതന്യൂനപക്ഷമായതുകൊണ്ട് അവരുടെ ധാർമ്മിക, സാംസ്കാരിക, മതമൂല്യങ്ങൾ സംരക്ഷിച്ചു നിലനില്ക്കാൻ അവർ പണംമുടക്കിസ്ഥാപിച്ച വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും അദ്ധ്യാപകരെ നിയമിക്കാനും അവർക്ക് ഭരണഘടനാപരമായ അവകാശമുണ്ട്. ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് നമ്മൾ പ്രവർത്തിച്ചില്ലെങ്കിൽ മതന്യൂനപക്ഷമായ ക്രൈസ്തവരുടെ നിലനില്പ് അപകടത്തിലാകും.

**ക്രൈസ്തവ വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസ്**

സർക്കാരും കരാർ ഒപ്പിടുന്ന മാനേജ്മെന്റ്സ് അസോസിയേഷനും പറയുന്നതനുസരിച്ച് നമ്മൾ പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസ് ഈടാക്കേണ്ടിവരും. ഒരു സമുദായം പണം സമാഹരിച്ചു പണിതുയർത്തിയ കോളേജിൽ അവരുടെ വിദ്യാർത്ഥികൾക്കു പഠിക്കാൻ ഇരട്ടിഫീസു നല്കേണ്ടിവരുന്ന സാഹചര്യം അനീതിയാണല്ലോ. ഏതാണ്ട് ഇരുനൂറു കോടി രൂപ ഓരോ വർഷവും ഇതുവഴി അവരുടെ മേൽ കെട്ടി ഏല്പിക്കപ്പെടുന്നു. എന്നാൽ വ്യക്തികളും സംഘടനകളും നടത്തുന്ന കോളേജുകൾക്ക് അവരുടെ സാമ്പത്തികതലം മാത്രം നോക്കിയാൽ മതി. പകുതി വിദ്യാർത്ഥികളിലിൽ നിന്നും ഇരട്ടി ഫീസ് വാങ്ങുന്നത് അവർക്കു ഒരു പ്രശ്നമല്ല.

**ഭരണഘടനാപരമായ സ്വാതന്ത്ര്യനിഷേധം എന്ന അനീതി**

ഭാഷാമതന്യൂനപക്ഷങ്ങൾ തങ്ങളുടെ വിദ്യാലയങ്ങൾ സ്ഥാപിച്ച് നിലനില്ക്കണമെന്നതാണ് ബഹുസ്വരതയെ ആദരിക്കുന്ന എല്ലാ ജനാധിപത്യത്തിന്റെയും നിലപാട്. അതുകൊണ്ട് ക്രൈസ്തവർക്ക് തങ്ങളുടെ പണം മുടക്കിസ്ഥാപിച്ച വിദ്യാലയങ്ങളിൽ തങ്ങളുടെ വിദ്യാർത്ഥികളെ പരമാവധി പ്രവേശിപ്പിക്കുകയും തങ്ങളുടെ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യാം. അങ്ങനെ അവർക്ക് തങ്ങളുടെ മതസാംസ്കാരികപൈതൃകങ്ങൾ സംരക്ഷിക്കാൻ കഴിയണമെന്നതാണ് ഭരണഘടനയുടെ നിലപാട്(30-1). ഈ ഭരണഘടനാ നിലപാടിന്, അതായത് ഇന്ത്യൻ ജനാധിപത്യത്തിനും ഭരണ ഘടനക്കും വിരുദ്ധമാണ് 50:50 എന്ന നിലപാട്. തമിഴർ ഭാഷാന്യൂനപക്ഷമെന്ന നിലയിൽ തങ്ങളുടെ ഭാഷാസംസ്കാരങ്ങൾ സംരക്ഷിക്കാൻ സ്ഥാപിച്ചു നടത്തുന്ന വിദ്യാലയത്തിൽ പകുതി വിദ്യാർത്ഥികൾ മറ്റു ഭാഷാസമൂഹത്തിൽപ്പെടുന്നവരാ യിരിക്കണമെന്ന് ശഠിക്കുന്നതു നീതിയാണോ?.

**ഇരട്ടി ഫീസ് എന്ന അനീതി**

പകുതിവിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസുവാങ്ങുക എന്നതുതന്നെ അവരോടുള്ള കടുത്ത അനീതിയാണ്. മറ്റു രാജ്യങ്ങളിൽ ഒന്നും ഇതുപോലെ യുക്തിക്കും നീതിക്കും നിരക്കാത്ത നിലപാടു കണ്ടെത്താനാവില്ല. ഇത് ഒരു വിധത്തിലും അംഗീകരിക്കാൻ കഴിയാത്തതാണെന്ന് സുപ്രിം കോടതി വിധി പ്രസ്താവിച്ചിട്ട് പത്തുവർഷങ്ങൾ കഴിയുന്നു. പകുതി വിദ്യാർത്ഥികളോട് ക്രൂരമായ അനീതികാണിക്കുന്നത് എങ്ങനെ സാമൂഹ്യനീതിയാകും.?

**സമ്പന്നർക്കു സൗജന്യം നല്കുന്ന അനീതി**

സർക്കാർ അയക്കുന്ന മെരിറ്റ്ലിസ്റ്റിൽ മുമ്പന്തിയിൽ നില്ക്കുന്ന വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതിനാണ് ഈ 50:50 എന്ന നിലപാട്. മെരിറ്റ്ലിസ്റ്റിൽ ആദ്യം വരുന്നവർ സാമ്പത്തികമായും സാമൂഹ്യമായും മുമ്പന്തിയിൽ നില്ക്കുന്നവരാണന്ന് കോടതി തന്നെ നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് സാമൂഹ്യമായും സാമ്പത്തികമായും മുമ്പന്തിയിൽ നില്ക്കുന്ന, മുന്തിയ വിദ്യാലയങ്ങളിൽ പഠിച്ച, എൻട്രൻസ്കോച്ചിംഗിനു പണം മുടക്കി പോയവരുടെയും പഠനചെലവു താരതമ്യേന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർ വഹിക്കണമെന്നു പറയുന്നത് അനീതിയല്ലേ?. ഏതുകോടീശ്വരനാണെങ്കിലും സർക്കാരിന്റെ ലിസ്റ്റിൽ കയറിയാൽ സൗജന്യപഠനം എന്നത് അംഗീകരിക്കാനാവില്ല. സമ്പന്നരെ സാധാരണക്കാർ ഇരട്ടിഫിസുകൊടുത്തു പഠിപ്പിക്കുന്നത് അനീതിയാണല്ലോ?. ഏറ്റവും മെരിറ്റുള്ള എഴുന്നൂറോളം വിദ്യാർത്ഥികൾ സർക്കാ രിന്റെ മെഡിക്കൽ കോളേജിൽ സൗജന്യമായി

പഠിച്ചതിനുശേഷം വരുന്ന വിദ്യാർത്ഥികളാണ് സ്വാശ്രയകോളേജിൽ വരുന്നതെന്നും ഓർക്കണം.

**മെരിറ്റ് അട്ടിമറിക്കുന്ന അനീതി**

അമ്പതുശതമാനം വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കേണ്ടിവരുമ്പോൾ മറ്റു പകുതി വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസു വാങ്ങേണ്ടിവരും. എന്നുവച്ചാൽ ഇരട്ടിഫീസു നല്കാൻ കഴിവുള്ളവരെ മാത്രമേ പകുതിസീറ്റിൽ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളു. അങ്ങനെ ഉള്ളവരെ മാത്രം തിരഞ്ഞുപിടിച്ചു പ്രവേശിപ്പിക്കേണ്ട സാഹചര്യത്തിൽ മെരിറ്റ് അനുസരിച്ചു പ്രവേശനം എന്ന രീതി മാറ്റിവയ്ക്കേണ്ടിവരും; എന്നുവച്ചാൽ മെരിറ്റ് അട്ടിമറിക്കേണ്ടിവരും. അതിനുവേണ്ടിയാണ് കരാർ ഒപ്പിടുന്നവർ സ്വന്തമായി പ്രവേശനപരീക്ഷ നടത്താൻ സർക്കാർ സൗകര്യം ഒരുക്കണമെന്നു പറയുന്നത്. ഇപ്പോൾ പുറത്തുവരുന്ന കരാർ ഒപ്പിട്ട കോളേജുകളിലെ അഴിമതികഥകളുടെ അടിസ്ഥാനവും അതാണ്.

**യഥാർത്ഥ സാമൂഹ്യനീതി ഉയർത്തിപ്പിടിക്കണം**

സാമൂഹ്യനീതിയെക്കുറിച്ചുള്ള ഇന്റെർചർച്ച് കൗൺസിലിന്റെ നിലപാട് മെരിറ്റുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പു നല്കി സൗജന്യമായി പഠിപ്പിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. മെരിറ്റുള്ള വിദ്യാർത്ഥികൾക്ക് പണമില്ല എന്ന കാരണംകൊണ്ട് പഠനം മുടങ്ങരുത്. അല്ലാതെ സർക്കാർ നിർദ്ദേശിക്കുന്ന 50% വിദ്യാർത്ഥികളെ അവർ എത്ര കോടീശ്വരനാണെങ്കിലും സൗജന്യമായി പഠിപ്പിക്കുന്നതിലല്ല.

സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയുടെയും യോഗ്യതാപരീക്ഷയുടെയും മാർക്കിനെമാത്രം അടിസ്ഥാനമാക്കി മെരിറ്റനുസരിച്ചുമാത്രം വിദ്യാർത്ഥികൾക്കു പ്രവേശനം, നാല്പതു ശതമാനംവരെ സീറ്റുകളിൽ മറ്റു സമുദായത്തിൽ നിന്നുള്ളവരെ ഓപ്പൺമെരിറ്റിൽ പ്രവേശിപ്പിക്കുന്നു, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ആവശ്യമുള്ളവർക്ക് ബാങ്ക്ലോൺ ഏർപ്പെടുത്തുന്നു,ഏറ്റവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം, അങ്ങനെ മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന നിലപാടാണ് ഇന്റെർചർച്ച്കൗൺസിൽ ഫോർ എജുക്കേഷന്റേത്.

**50:50 ഒരു കാലത്തും അംഗീകരിച്ചിട്ടില്ല**

50:50 എന്നത് 1993 ലെ ഉണ്ണികൃഷ്ണൻ കേസിന്റെ വിധിയെ ആസ്പദമാക്കി അന്നത്തെ മുഖ്യമന്ത്രി ഉന്നയിച്ചിരുന്നു. എന്നാൽ കെ.സി.ബി.സി.യു മായോ ഇന്റെർചർച്ച്കൗൺസിൽ ഫോർ എജുക്കേഷനുമായോ ഇതുസംബന്ധിച്ച് ചർച്ചകളോ ധാരണകളോ ഉണ്ടായിട്ടില്ല. ആ നിലപാടിനെതിരേ കേസു നല്കിയവർ ആ നിലപാട് അംഗീകരിച്ചിരുന്നുവെന്നു പറയുന്നതുതന്നെ യുക്തിക്കു നിരക്കുന്നതല്ല. അങ്ങനെ എന്തെങ്കിലും ചർച്ചയോ ധാരണയോ ഉണ്ടെങ്കിൽ അത് രേഖാമൂലമുള്ള തല്ലെങ്കിൽക്കൂടി ബന്ധപ്പെട്ടവർ വെളിപ്പെടുത്തണമെന്ന് കൗൺസിൽ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആരും രംഗത്തുവന്നിട്ടില്ല. എങ്കിലും 50:50 ധാരണ ഉണ്ടായിരുന്നുവെന്ന് ആവർത്തിച്ച് ആ തെറ്റിദ്ധാരണ ഉറപ്പിക്കാനുള്ള ശ്രമം വ്യാപകമാണ്.

**അബദ്ധങ്ങളുടെ ആദർശവൽക്കരണം**

2002 ൽ സുപ്രിംകോടതിയുടെ പതിനൊന്നംഗ ബെഞ്ച് 50:50 എന്ന നിലപാട് അധാർമ്മി കമാണെന്നും അനീതിയാണെന്നും വിധി പ്രസ്താവിച്ചിട്ടും ഇപ്പോഴും ഈ നിലപാടുതന്നെ തുടരുന്നവർ കീഴ്ക്കോടതി വധശിക്ഷക്കു വിധിച്ചയാളെ ഹൈക്കോടതിയും സുപ്രിംകോടതിയും നിരപരാധി യായിക്കണ്ടെത്തി വെറുതേവിട്ടാലും വധശിക്ഷക്കു വിധിക്കണമെന്നു വാശിപിടിക്കുന്ന വർക്കു തുല്യരാണ്. സുപ്രിംകോടതി അനീതിയായി കണ്ടെത്തിയതാണു നീതിയെന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും പ്രഖ്യാപിക്കുന്നവർ യഥാർത്ഥത്തിൽ ജനാധിപത്യത്തെയും ഭരണഘടനയേയും കോടതി യേയും വെല്ലുവിളിക്കുകയാണ്. അബദ്ധങ്ങളെ ആദർശവൽക്കരിക്കാൻ ശ്രമിക്കുന്നവരെ നമ്മൾ തിരിച്ചറിയണം.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA